ഡ്രൈവർമാരുടെ പി. എസ്. സി. നിയമനം

206 [3177] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈറ്റ് ഡ്യൂട്ടി വെഹിക്കിൾ ഡ്രൈവർമാരുടെ നിലവിലുള്ള പി. എസ്. സി. റാങ്ക് ലിസ്റ്റിൽനിന്നും വിവിധ വകുപ്പുകളിലായി ഇതിനകം എത്ര പേരെ നിയമിച്ചിട്ടുണ്ട്;

(ബി) പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോഴും ദിവസക്കൂലി അടിസ്ഥാനത്തിലും താൽക്കാലികാടിസ്ഥാനത്തിലും നിരവധി വകുപ്പുകളിൽ ഡ്രൈവർമാർ ജോലിനോക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിവിധ വകുപ്പുകളിലായി ഇപ്രകാരം ജോലിനോക്കുന്നവരുടെ എണ്ണം വെളിപ്പെടുത്തുമോ;

(സി) നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും ഡ്രൈവർമാരെ നിയമിക്കുവാൻ വകുപ്പ് അധികൃതർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) & (ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) നൽകുന്നതാണ്.

പ്രൊഫസ്സർ-ഇൻ-കമ്പ്യൂട്ടർ സയൻസ് പി. എസ്. സി. റാങ്ക് ലിസ്റ്റ്

207 [3178] *ശ്രീ. സി. മോയിൻകുട്ടി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രൊഫസ്സർ-ഇൻ-കമ്പ്യൂട്ടർ സയൻസ് എന്ന തസ്തികയിൽ നിയമിക്കുന്നതിന് പി. എസ്. സി. ഇന്റർവ്യൂ മാത്രം നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നോ;

(ബി) എങ്കിൽ ഈ റാങ്ക് ലിസ്റ്റിൽനിന്നും എത്രപേർക്ക് നിയമനം നൽകി എന്ന് പറയാമോ;

(സി) ഈ റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിച്ചുവോ; ഇല്ലെങ്കിൽ കാലാവധി ഏത് തീയതിവരെയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) — (സി) പി. എസ്. സി.യിൽനിന്നും വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly